പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3553

23.06.2014-ൽ മറുപടിക്ക്.

## അഗ്നിശമന സേനകളിലും ജയിലുകളിലും ഉള്ള ജീവനക്കാർക്ക് ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. എ.റ്റി. ജോർജ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് അഗ്നിശമന സേനകളിലും ജയിലുകളിലും ഉള്ള ജീവനക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി) പദ്ധതിയനുസരിച്ച് എന്തെല്ലാം പരിരക്ഷകളാണ് ഇവർക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;<br><br>ഡി) ഇതിനുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | : ( എയും, ബിയും, സിയും, ഡിയും) സംസ്ഥാനത്തെ പോലീസുകാർക്ക് മൊത്തം വിഹിതവും സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് 20 കോടി രൂപ വാർഷിക ചെലവ് പ്രതീക്ഷിക്കുന്ന 'കേരള പോലീസ് മെഡിക്കൽ ഇൻഷ്വറൻസ്' പദ്ധതിക്ക് 1.2.2014 ലെ സ.ഉ (എം.എസ്) 20/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ജയിൽ, ഫയർ ആന്റ് റെസ്ക്യൂ വകുപ്പുകളിലെ ജീവനക്കാരെ കൂടി 28.2.2014 ലെ സ.ഉ (എം.എസ്) നമ്പർ 41/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ ഇൻഷ്വറൻസ് പ്രീമിയം സംസ്ഥാന സർക്കാരാണ് അടയ്ക്കുന്നത്. ഇൻഷുറൻസ് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആയതു നടപ്പിൽ വരുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ